പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 144 16-10-2026-ൽ മറുപടിയ്ക്ക്

**നാലു വർഷ ബിരുദ കോഴ്സുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പി. കെ. ഫിറോസ്

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** നാലു വർഷ ബിരുദ കോഴ്സുകൾ ആരംഭിച്ചത് കൃത്യമായ തയ്യാറെടുപ്പുകൾ കൂടാതെയാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അക്കാര്യം പരിശോധിക്കുമോ;

**മറുപടി:** ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

നാലു വർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കിയതിലെ പാളിച്ചകൾ സംബന്ധിച്ച വിഷയം പഠിക്കാനും നിലവിലുള്ള അവസ്ഥയിൽ സാധ്യമായ തിരുത്തലുകൾ വരുത്തുവാനുമായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും അതിന്റെ ഇടക്കാല റിപ്പോർട്ട് കൗൺസിലിന് ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് കൂടി പരിഗണിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാൽപ്പതിന കർമപരിപാടി തയ്യാറാക്കി എല്ലാ സർവകലാശാലകളെയും കോളേജുകളെയും അറിയിച്ചിട്ടുണ്ട്. വിപുലമായ പരിശീലന പരിപാടികളും തുടങ്ങിയിട്ടുണ്ട്.

**(ബി)** നാലു വർഷ ബിരുദ കോഴ്സുകൾ നടപ്പിലാക്കിയതിന്റെ പാളിച്ചകൾ സംബന്ധിച്ച് പഠിക്കാൻ പ്രത്യേക സമിതിയെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥിനികൾക്ക് ആയിരം രൂപ വീതം പ്രതിമാസം നൽകുന്നതിന് വകുപ്പ് പദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** നടപ്പ് സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ സംസ്ഥാനത്തെ കോളേജ് വിദ്യാർത്ഥിനികൾക്ക് ആയിരം രൂപ വീതം പ്രതിമാസം നൽകുന്നതിനുള്ള ഇന്ദിര ഗ്യാരണ്ടി സ്കീം പദ്ധതിയിനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി തൻ വർഷം "2202-03-107-71 (PV) Indira Guarantee to Girls students in Colleges" എന്ന

ശീർഷകത്തിൽ ₹1,00,000/-  (ഒരു ലക്ഷം രൂപ മാത്രം ) ഒരു ടോക്കൻ പ്രോവിഷനായി വകയിരുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**